REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 16-07-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **സ്കിൽ ഇന്ത്യ സംരംഭം രാജ്യത്തെ എണ്ണമറ്റ ആളുകൾക്ക് പുതിയ കഴിവുകളും അവസരങ്ങളും നൽകി ശാക്തീകരണത്തിന് അവസരം ഒരുക്കിയതായി പ്രധാനമന്ത്രി നരേന്ദ്രമോദി.**
- **ഏഴിനും അതിന് മുകളിലും പ്രായമായ കുട്ടികളുടെ ആധാർ ബയോമെട്രിക് വിവരങ്ങൾ പുതുക്കണമെന്ന് യൂണിക് ഐഡന്റിഫിക്കേഷൻ അതോറിറ്റി.**
- **സംസ്ഥാനത്ത് നിപ സമ്പർക്കപ്പട്ടികയിൽ 675 പേർ ഉൾപ്പെട്ടിരിക്കുന്നതായി മന്ത്രി വീണാ ജോർജ്.**
- **ശക്തമായ മഴ സാധ്യത മുൻനിർത്തി അഞ്ച് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത. കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ മീൻപിടുത്തത്തിന് വിലക്ക്.**
- **FIDE വനിതാ ചെസ്സ് ലോകകപ്പിന്റെ നാലാം റൗണ്ടിൽ ഇന്ത്യയുടെ R. വൈശാലി, ഹരിക ദ്രോണവല്ലി, കൊനേരു ഹംപി, ദിവ്യ ദേശ്മുഖ് എന്നിവർ ഇന്ന് മത്സരിക്കും.**

## വാർത്തകൾ വിശദമായി

സ്കിൽ ഇന്ത്യ സംരംഭം രാജ്യത്തെ എണ്ണമറ്റ ആളുകൾക്ക് പുതിയ കഴിവുകളും അവസരങ്ങളും നൽകി അവരുടെ ശാക്തീകരണത്തിന് അവസരം ഒരുക്കിയതായി പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. കേന്ദ്രമന്ത്രി ജയന്ത് ചൗധരിയുടെ സാമൂഹിക മാധ്യമ കുറിപ്പിനോട് പ്രതികരിക്കുകയായിരുന്നു പ്രധാനമന്ത്രി.

ഡെസ്ക് റിപ്പോർട്ട്

........വോയ്സ്......

സ്കിൽ ഇന്ത്യ, പത്തുവർഷം പൂർത്തിയാക്കുമ്പോൾ പദ്ധതിയിലൂടെ നൈപുണ്യ-സ്വാശ്രയ യുവശക്തിയെ കെട്ടിപ്പടുക്കാൻ കേന്ദ്രഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണെന്ന് നരേന്ദ്രമോദി ആവർത്തിച്ച് വ്യക്തമാക്കി. വികസിത ഭാരതം എന്ന സ്വപ്നം സാക്ഷത്കരിക്കാൻ, പുതിയ കഴിവുകളും ആഗോള തലത്തിലെ മികച്ച രീതികളും ഉപയോഗിച്ച് യുവജനങ്ങളെ വൈദഗ്ധ്യമേറിയവരാക്കി മാറ്റാൻ സ്കിൽ ഇന്ത്യയ്ക്ക് കഴിയുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

✪✪✪

ഹരിതവും സുസ്ഥിരവുമായ ഭാവി സൃഷ്ടിക്കുന്നതിലെ രാജ്യത്തിന്റെ പ്രതിബദ്ധതയെയും ശ്രമങ്ങളെയും പ്രധാനമന്ത്രി നരേന്ദ്രമോദി പ്രശംസിച്ചു. 2030 എന്ന ലക്ഷ്യത്തിന് അഞ്ചു വർഷം മുൻപ് തന്നെ ഇന്ത്യ അൻപതു ശതമാനം ഫോസിൽ ഇന്ധന ശേഷി കൈവരിച്ചെന്ന കേന്ദ്രമന്ത്രി പ്രൽഹാദ് ജോഷിയുടെ സാമൂഹിക മാധ്യമകുറിപ്പ് പ്രധാനമന്ത്രി പങ്കുവെച്ചു.

✪✪✪

ഉത്തരാഖണ്ഡിലെ പിതോറാഗഡിൽ റോഡ് അപകടത്തിൽ മരിച്ചവരുടെ ബന്ധുക്കൾക്ക് പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും രണ്ടുലക്ഷം രൂപ വീതം സഹായ ധനം നൽകും. പ്രധാനമന്ത്രി നരേന്ദ്രമോദി സംഭവത്തിൽ അനുശോചനവും ദുഃഖവും അറിയിച്ചു.

✪✪✪

18 ദിവസത്തെ ആക്സിയം-4 ബഹിരാകാശ ദൗത്യത്തിന് ശേഷം ഇന്ത്യൻ ബഹിരാകാശ യാത്രികൻ ശുഭാംശു ശുക്ല ഉൾപ്പെടെ നാലംഗ സംഘം ഭൂമിയിൽ സുരക്ഷിതമായി തിരിച്ചെത്തി. സ്പേസ് എക്സിന്റെ ഡ്രാഗൺ പേടകം ഇന്നലെ ഉച്ച കഴിഞ്ഞ് കാലിഫോർണിയക്കടുത്ത സാൻ ഡീഗോ തീരത്ത് പസഫിക് സമുദ്രത്തിൽ സ്പ്ളാഷ് ലാൻഡിംഗ് നടത്തുകയായിരുന്നു.

✪✪✪

നിമിഷ പ്രിയയുമായി ബന്ധപ്പെട്ട് യെമനിൽ നിന്ന് പുറത്തു വരുന്ന വാർത്തകൾ പ്രതീക്ഷ നൽകുന്നതാണെന്ന് BJP സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ പറഞ്ഞു. വധശിക്ഷ മാറ്റിവെക്കുന്നതിന് കേന്ദ്രഗവണ്മെന്റിന്റെ ഇടപെടലുകൾ സഹായകമായെന്നും ശ്രമങ്ങൾ തുടരുമെന്നാണ് അറിയിച്ചിരിക്കുന്നതെന്നും അദ്ദേഹം അറിയിച്ചു. നിമിഷപ്രിയ വിഷയത്തിൽ മോദി ഗവണ്മെന്റിന്റെ

നടപടികൾ ഏറെ ശ്രദ്ധാപൂർവ്വമാണെന്നും അദ്ദേഹം തിരുവനന്തപുരത്ത് പറഞ്ഞു. കൊല്ലപ്പെട്ട യെമൻ പൗരന്റെ കുടുംബം നിമിഷപ്രിയയോട് കരുണ കാണിക്കുമെന്ന് പ്രതീക്ഷിക്കുന്നതായും രാജീവ് ചന്ദ്രശേഖർ പറഞ്ഞു.

✪✪✪

യെമനിൽ വധശിക്ഷയ്ക്ക് വിധിച്ച നിമിഷ പ്രിയയുടെ ശിക്ഷ നടപ്പാക്കൽ നീട്ടിവെച്ചെന്ന വിവരം ആശ്വാസകരമാണെന്ന് CPIM സംസ്ഥാന സെക്രട്ടറിയേറ്റ് തിരുവനന്തപുരത്ത് പ്രസ്താവനയിൽ അറിയിച്ചു. ഇതിനായി പ്രവർത്തിച്ച എല്ലാവരേയും സംസ്ഥാന സെക്രട്ടറിയേറ്റ് അഭിനന്ദിച്ചു.

✪✪✪

മാതാപിതാക്കളും രക്ഷിതാക്കളും ഏഴ് വയസ്സിനും അതിന് മുകളിലും പ്രായമായ കുട്ടികളുടെ ആധാർ ബയോമെട്രിക് വിവരങ്ങൾ പുതുക്കണമെന്ന് യൂണിക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ആവശ്യപ്പെട്ടു. ഏഴ് വയസ്സായിട്ടും ആധാറിലെ ബയോമെട്രിക് വിവരങ്ങൾ പുതുക്കാതെ വന്നാൽ ആധാർ നമ്പർ നഷ്ടമാകുമെന്ന് അതോറിറ്റി മുന്നറിയിപ്പ് നൽകി.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

.........വോയ്സ്.......

ആധാർ ബയോമെട്രിക്സിൽ അഞ്ച് വയസ്സുവരെ കുട്ടികളുടെ വിരലടയാളമോ, കണ്ണിന്റെയോ, സ്കാനിംഗ് നിർബന്ധമല്ല. എന്നാൽ അതിനു ശേഷം വിരലടയാളവും ഐറിസ് സ്കാനും ബയോമെട്രിക് വിവരങ്ങളിൽ ഉൾപ്പെടുത്തണം. അഞ്ചുവയസ്സിനും ഏഴ് വയസ്സിനും ഇടയിൽ ഇത് സൗജന്യമായി പുതുക്കാവുന്നതാണ്. മാതാപിതാക്കൾക്ക് ആധാറിൽ രജിസ്റ്റർ ചെയ്ത ഫോൺനമ്പറുകളിലേക്ക് ഇതു സംബന്ധിച്ച സന്ദേശം നൽകി വരുന്നുണ്ട്.

✪✪✪

സംസ്ഥാനത്ത് മലപ്പുറം, പാലക്കാട്, കോഴിക്കോട്, എറണാകുളം, തൃശൂർ ജില്ലകളിലായി 675 പേർ നിപ സമ്പർക്കപ്പട്ടികയിൽ ഉൾപ്പെട്ടിരിക്കുന്നതായി മന്ത്രി വീണാ ജോർജ് അറിയിച്ചു.

ഇതിൽ 178 പേർ പാലക്കാട്ട് നിപ ബാധിച്ച് മരിച്ച രണ്ടാമത്തെ വ്യക്തിയുടെ സമ്പർക്കപ്പട്ടികയിൽ ഉൾപ്പെട്ടവരാണ്. മലപ്പുറം ജില്ലയിൽ 210 പേരും, പാലക്കാട് 347 പേരും, കോഴിക്കോട് 115 പേരും എറണാകുളത്ത് രണ്ട് പേരും തൃശൂരിൽ ഒരാളുമാണ് സമ്പർക്കപ്പട്ടികയിൽ ഉൾപ്പെട്ടിരിക്കുന്നത്.

✪✪✪

മലപ്പുറം, പാലക്കാട് ജില്ലകളിൽ നിപാ സ്ഥിരീകരിച്ച പശ്ചാത്തലത്തിൽ വവ്വാലുകളെ ആട്ടിയോടിക്കുന്നതും ആവാസകേന്ദ്രം നശിപ്പിക്കുന്നതും കൂടുതൽ അപകടകരമാണെന്ന് ജില്ലാ ടാസ്ക് ഫോഴ്സ് സംഘം മുന്നറിയിപ്പ് നൽകി.

വവ്വാലുകളെ ഭയപ്പെടുത്തുന്നതും  ഇല്ലാതാക്കാൻ ശ്രമിക്കുന്നതും കൂടുതൽ വൈറസ് വ്യാപനത്തിന് കാരണമാകുമെന്നാണ് വിലയിരുത്തൽ. വവ്വാലുകളെ അകറ്റാൻ അശാസ്ത്രീയ മാർഗങ്ങൾ സ്വീകരിക്കരുതെന്നും ടാസ്ക് ഫോഴ്സ് നിർദേശിച്ചു. ഇക്കാര്യത്തിൽ പൊതുജനങ്ങൾക്ക് ബോധവൽക്കരണം നൽകും.

നിപാ പ്രതിരോധത്തിന് ആരോഗ്യപ്രവർത്തകർ നൽകുന്ന മുൻകരുതലുകൾ സ്വീകരിക്കണം. പൊതു സ്ഥലങ്ങളിലും ആൾത്തിരക്കേറിയ ഇടങ്ങളിലും മാസ്ക് നിർബന്ധമായി ധരിക്കണമെന്നും ടാസ്ക് ഫോഴ്സ് നിർദേശം നൽകി.

✪✪✪

സംസ്ഥാനത്ത് ശനിയാഴ്ച വരെ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.  അതിശക്ത മഴ സാധ്യത കണക്കിലെടുത്ത് ഇന്ന് അഞ്ച് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും ഒമ്പത് ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്. എറണാകുളം, ഇടുക്കി, തൃശ്ശൂർ, കണ്ണൂർ, കാസർഗോഡ് ജില്ലകളിലാണ് ഓറഞ്ച് ജാഗ്രത. നാളെ അഞ്ച് വടക്കൻ ജില്ലകളിലും ഓറഞ്ച് ജാഗ്രതയാണ്.

കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ  ഈ ദിവസങ്ങളിൽ 60 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും, മീൻ പിടുത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

✪✪✪

രാമായണ മാസത്തിന് നാളെ തുടക്കമാകും. കർക്കിടകം ഒന്നായ നാളെ രാമായണ മാസാചരണത്തിന് ക്ഷേത്രങ്ങൾ ഒരുങ്ങിക്കഴിഞ്ഞു. നാലമ്പല തീർഥാടനത്തിനും ഇതോടെ തുടക്കമാകും.

ഇരിങ്ങാലക്കുടയിൽ നിന്ന ആരംഭിക്കുന്ന നാലമ്പല ദർശന KSRTC സ്പെഷ്യൽ സർവീസുകൾ മന്ത്രി ഡോ. R ബിന്ദു  ഫ്ളാഗ് ഓഫ്  ചെയ്തു. നാളെ മുതൽ രണ്ട് സർവ്വീസുകൾ  തുടങ്ങും.

✪✪✪

കർക്കടക മാസ പൂജയ്ക്കായി ശബരിമലയിൽ വൈകിട്ട് അഞ്ചിനു നട തുറക്കും. ഇന്ന് പൂജകളൊന്നും ഉണ്ടാവില്ല. നാളെ കർക്കടകം ഒന്നിന് രാവിലെ മുതൽ നട അടയ്ക്കുന്ന 21 വരെ എല്ലാ ദിവസവും പതിവു പൂജകളും വിശേഷാൽ പൂജകളും ഉണ്ടായിരിക്കും. 21നു നട അടച്ച ശേഷം നിറപുത്തരി പൂജയ്ക്ക് ഈ മാസം 29 നു വീണ്ടും നട തുറക്കും.

✪✪✪

FIDE വനിതാ ചെസ്സ് ലോകകപ്പിന്റെ നാലാം റൗണ്ടിൽ ഇന്ത്യയുടെ R വൈശാലി, ഹരിക ദ്രോണവല്ലി, കൊനേരു ഹംപി, ദിവ്യ ദേശ്മുഖ് എന്നിവർ ഇന്ന് മത്സരിക്കും.

പ്രീ-ക്വാർട്ടർ ഫൈനലിൽ വൈശാലി കസാക്കിസ്ഥാനെയും ഹരിക, ലാഗോേയെയും ഹംപി, സ്വിറ്റ്സർലൻഡിനെയും ദിവ്യ, ചൈനയേയും നേരിടും.

✪✪✪

ഈ മാസം 24 ന് ആരംഭിക്കുന്ന മലബാർ റിവർ ഫെസ്റ്റിവൽ പതിനൊന്നാം പതിപ്പിന്റെ ഭാഗമായി കോടഞ്ചേരി പഞ്ചായത്ത് മൺസൂൺ ട്രക്കിങ് സംഘടിപ്പിച്ചു.

കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ചെയർമാൻ SK സജീഷ് ട്രക്കിംഗ് ഫ്ളാഗ് ഓഫ് ചെയ്തു. നൂറിലേറെ പേർ പരിപാടിയിൽ പങ്കാളികളായി. 24 മുതൽ 27 വരെ തുഷാരഗിരിയിലെ ചാലിപ്പുഴയിലും ഇരുവഞ്ഞിപ്പുഴയിലുമാണ് മലബാർ റിവർ ഫെസ്റ്റിവൽ.

✪✪✪

സ്വകാര്യ ബസ് പണിമുടക്ക് ഒഴിവാക്കാൻ സ്വകാര്യ ബസ് ഓപ്പറേറ്റർമാരുടെ സംഘടനകളുമായി ഉച്ചകഴിഞ്ഞു മന്ത്രി KB ഗണേഷ് കുമാർ ചർച്ച നടത്തും. മന്ത്രിയുടെ ചേമ്പറിലാണ് ചർച്ച.

✪✪✪

സംസ്ഥാന വനം വകുപ്പിന്റെ ലോക സർപ്പദിന പരിപാടികൾ രാവിലെ വനം വകുപ്പ് ആസ്ഥാനത്ത് മന്ത്രി AK ശശീന്ദ്രൻ ഉദ്ഘാടനം ചെയ്യും. പാമ്പുകടി മരണങ്ങൾ കുറയ്ക്കാനും, പാമ്പു സംരക്ഷണത്തിനുമായി ആരംഭിച്ച “മിഷൻ സർപ്പ”യുടെ അഞ്ചാം വാർഷികവും അവലോകനവുമായാണ് ദിനാചരണം സംഘടിപ്പിക്കുന്നത്.

SARPA പദ്ധതിയുടെ അവലോകന ശില്പശാലയും ദിനാചരണത്തിന്റെ ഭാഗമായി നടത്തും.

✪✪✪

തിരുവിതാംകൂർ, കൊച്ചി, മലബാർ ദേവസ്വം ബോർഡുകളിൽ ഒഴിവുണ്ടായിരുന്ന ബോർഡ് അംഗങ്ങളെ തിരഞ്ഞെടുത്തു. തിരുവിതാംകൂർ ദേവസ്വം ബോർഡ് അംഗമായി PD സന്തോഷ് കുമാർ, കൊച്ചി ദേവസ്വം ബോർഡ് അംഗമായി KK സുരേഷ് ബാബു, മലബാർ ദേവസ്വം ബോർഡ് അംഗങ്ങളായി OK. വാസു, KN ഉദയൻ എന്നിവരെയാണ് തിരഞ്ഞെടുത്തതെന്ന് മന്ത്രി VN വാസവൻ തിരുവനന്തപുരത്ത് അറിയിച്ചു. നിയമസഭയിലെ ഹൈന്ദവ MLA-മാരാണ് ബോർഡ് അംഗങ്ങളെ വോട്ടിങ്ങിലൂടെ തിരഞ്ഞെടുക്കുന്നത്.

✪✪✪

തിരുവനന്തപുരത്തെ ബോണക്കാട് എസ്റ്റേറ്റ്ലയങ്ങളുടെ നവീകരണ നിർമ്മാണം വൈകിട്ട് മന്ത്രി P രാജീവ് ഉദ്ഘാടനം ചെയ്യും. നാല് കോടി രൂപ ചെലവിലാണ് 43 ലയങ്ങൾ നവീകരിക്കുന്നത്. 186 കുടംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും. ഉദ്ഘാടന ചടങ്ങിൽ മന്ത്രി V ശിവൻകുട്ടി , KN ബാലഗോപാൽ,GR അനിൽ തുടങ്ങിയവരും പങ്കെടുക്കും. ജില്ലാ നിർമ്മിതി കേന്ദ്രമാണ് ലയങ്ങൾ നവീകരിച്ച് നിർമ്മിക്കുന്നത്.

✪✪✪

പാലക്കാട് തച്ചമ്പാറയിൽ KSRTC ബസ്സും ഓട്ടോ റിക്ഷയും കൂട്ടിയിടിച്ച് രണ്ടു പേർ മരിച്ചു. കാഞ്ഞിരപ്പുഴ തൃക്കള്ളൂർ സ്വദേശികളായ അസീസ്, അയ്യപ്പൻ കുട്ടി എന്നിവരാണ് മരിച്ചത്. പാലക്കാട് -കോഴിക്കോട് ദേശീയ പാത എടായ്ക്കൽ വളവിൽ ഇന്നലെ രാത്രിയായിരുന്നു അപകടം.

✪✪✪

കാസർകോട്ട് ദേശീയ പാതയിൽ CCTV ക്യാമറ സ്ഥാപിക്കുന്നവരുടെ മേൽ ലോറി പാഞ്ഞ് കയറി രണ്ട് പേർ മരിച്ചു. ഒരാൾക്ക് ഗുരുതരമായി പരിക്കേറ്റു. മഞ്ചേശ്വരം ദേശീയ പാതയിൽ ഇന്നലെ വൈകീട്ടായിരുന്നു അപകടം. NH കരാർ കമ്പനി ജീവനക്കാരായ ബീഹാർ സ്വദേശി രാജ് കുമാർ മഹോത്, രാജസ്ഥാൻ സ്വദേശി ദാമോർ അമിത് ഗണപാൽ ബായ് എന്നിവരാണ് മരിച്ചത്. കരാർ ജീവനക്കാരുടെ വാഹനവും അപകടത്തിൽ തകർന്നു.

✪✪✪

BJP കണ്ണൂർ സൗത്ത് ജില്ലാ കമ്മിറ്റി ഓഫീസിന്റെ കെട്ടിടം ഉച്ചയ്ക്ക് പാർട്ടി ദേശീയ നിർവാഹക സമിതി അംഗം PK കൃഷ്ണദാസ് ഉദ്ഘാടനം ചെയ്യും. തലശ്ശേരി MA റോഡിലെ പരിപാടിയിൽ നിയുക്ത രാജ്യസഭാ എം.പി, C. സദാനന്ദൻ മാസ്റ്റർ മുഖ്യാതിഥിയായി പങ്കെടുക്കും.

സദാനന്ദൻ മാസ്റ്റർക്ക് BJP കണ്ണൂർ നോർത്ത് ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ രാവിലെ സ്വീകരണം ഒരുക്കിയിട്ടുണ്ട്. താളിക്കാവിലെ മാരാർജി ഭവനിൽ സംഘടിപ്പിക്കുന്ന ചടങ്ങിൽ പാർട്ടി ദേശീയ ഉപാധ്യക്ഷൻ AP അബ്ദുള്ളക്കുട്ടി, നേതാക്കളായ CK പത്മനാഭൻ, PK കൃഷ്ണദാസ് തുടങ്ങിയവർ പങ്കെടുക്കുമെന്ന് നോർത്ത് ജില്ലാ പ്രസിഡന്റ് KK വിനോദ് കുമാർ അറിയിച്ചു

✪✪✪

പാലക്കാട് ജില്ലയിൽ മൂന്ന് മാസത്തെ പഞ്ചായത്ത് തല ജനസുരക്ഷാ ക്യാമ്പയിനിന് തുടക്കമായി. പ്രധാൻമന്ത്രി ജൻധൻ യോജന, PM ജീവൻജ്യോതി ബീമാ യോജന,PM സുരക്ഷാ ബീമാ യോജന, അടൽ പെൻഷൻ യോജന, തുടങ്ങിയ പദ്ധതികളിൽ എല്ലാവരേയും ഉൾപ്പെടുത്താൻ ഇതിന്റെ ഭാഗമായി ക്യാമ്പുകൾ സംഘടിപ്പിക്കും. കേന്ദ്രപദ്ധതികളെക്കുറിച്ച് വ്യാപക ബോധവത്കരണവും പരിപാടിയുടെ ഭാഗമായി സംഘടിപ്പിക്കും.

✪✪✪

മലപ്പുറം ജില്ലയിൽ 2187 പേർക്ക് കൂടി പട്ടയം വിതരണം ചെയ്തു. ഏഴ് താലൂക്കുകളിൽ സംഘടിപ്പിച്ച മേളകളിലാണ് പട്ടയങ്ങൾ കൈമാറിയത്. മന്ത്രി K രാജൻ ഓൺലൈനായി മേള ഉദ്ഘാടനം ചെയ്തു.

✪✪✪

സംസ്ഥാനത്ത് ഈ അധ്യയന വർഷത്തെ എൻജിനിയറിംഗ് കോഴ്സുകളിലേക്ക് കേന്ദ്രീകൃത അലോട്ട്മെന്റിന് ഓപ്ഷനുകൾ സമർപ്പിക്കുന്നതിന് സമയപരിധി ഇന്ന് അവസാനിക്കും. വിദ്യാർത്ഥികൾക്ക് രാവിലെ 11 വരെ ഓൺലൈനായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാം.

✪✪✪

*News Editor : വി കെ സുരേഷ്*
*News Reader: അനിൽ ചന്ദ്രൻ*
*NRTs: നിമിഷ ജി*
*DEO : സി കെ സുബോധ്*